# Dakshina Kerala Jam-iyyathul Ulama

H.O. Kollam

ജുമുഅ പ്രഭാഷണം "ആദരിക്കപ്പെടേണ്ട റസൂൽ" (09/11/16)

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

يَا أَيُّهَا الَّذِينَ آمَنُوا لَا تُقَدِّمُوا بَيْنَ يَدَيِ اللَّهِ وَرَسُولِهِ وَاتَّقُوا اللَّهَ إِنَّ اللَّهَ سَمِيعٌ عَلِيمٌ* يَا أَيُّهَا الَّذِينَ آمَنُوا لَا تَرْفَعُوا أَصْوَاتَكُمْ فَوْقَ صَوْتِ النَّبِيِّ وَلَا تَجْهَرُوا لَهُ بِالْقَوْلِ كَجَهْرِ بَعْضِكُمْ لِبَعْضٍ أَن تَحْبَطَ أَعْمَالُكُمْ وَأَنتُمْ لَا تَشْعُرُونَ ﴿الحجرات ١–٢﴾

പ്രവാചക തിരുമേനി (സ്വ)യോടുള്ള നമ്മുടെ കടമകളെക്കുറിച്ചാണ് കഴിഞ്ഞയാഴ്ച പറഞ്ഞത് .

- **അല്ലാഹു ഉടമയും നാം അടിമയുമാണ്.** ഉടമയുടെ താൽപര്യമാണ് അടിമയുടെ താൽപര്യമാകേണ്ടത്. ഉടമയുമായി ബന്ധപ്പെട്ട വസ്തുക്കളും ഉടമ സ്ഥാനവും പദവിയും നൽകുന്ന വ്യക്തികളും അടിമക്കും ആദരണീയമായിരിക്കണം. കാരണം യജമാനൻ പോലും മാനിക്കുന്നവരെ താൻ എന്തുകൊണ്ടും മാനിക്കേണ്ട തുണ്ട്. പിതാവ് ബഹുമാനിക്കുന്നവരെ മക്കളും ഗുരു ബഹുമാനിക്കുന്നവരെ ശിഷ്യരും ബഹുമാനിക്കേണ്ട തുണ്ട്. ഈ ആശയം ഖുർആൻ വ്യക്തമാക്കുന്നത് ഇങ്ങനെ.

يَا أَيُّهَا الَّذِينَ آمَنُوا لَا تُحِلُّوا شَعَائِرَ اللَّهِ ﴿المائدة ٢﴾ ذَٰلِكَ وَمَن يُعَظِّمْ شَعَائِرَ اللَّهِ فَإِنَّهَا مِن تَقْوَى الْقُلُوبِ ﴿الحج ٣٢﴾

- **അല്ലാഹു ഏറ്റവും ആദരിച്ചത് തിരുനബി(സ്വ)യെയാണ്.** ഇബ്നു ഹജർ(റ) ഒരു ഹദീസ് ഉദ്ധരിക്കുന്നു.

وفي رواية ذكرها السراج البلقيني في فتاويه انه تعالى قال للنبي (ص): قد مننت عليك بسبعة أشياء أولها أني لم اخلق في السموات والأرض اكرم على منك. وفي رواية أخرى أنّ جبريل قال له أبشر فإنكخير خلقة وصفوته من البشر (المخ المكية)

- **തിരുനബിയെ ആദരിക്കേണ്ട രീതികൾ ഇസ്ലാം വിശദമായി പഠിപ്പിച്ചിട്ടുണ്ട്.**

يَا أَيُّهَا الَّذِينَ آمَنُوا لَا تَرْفَعُوا أَصْوَاتَكُمْ.....

ആ തിരുമുന്നിൽ ശബ്ദമുയർത്തൽ കൊണ്ട് മാത്രം സർവ്വ അമലുകളും നഷ്ടമാകും. അത്രമേൽ അദര ണീയരാണ് നബി(സ്വ). ഈ ആയത്ത് ഇയറങ്ങിയശേഷം സ്വഹാബിമാർ തിരുമുന്നിൽ അടക്കം പറയും പോലെയേ സംസാരിച്ചിരുന്നുള്ളൂ.

كان عمر اذا حدّثه حدث كأخي السرار(الشفا)

സാബിത്ബ്നു ഖൈസ് (റ) കുറേ ദിവസത്തേക്ക് പള്ളിയിലേക്ക് തന്നെ വന്നിരുന്നില്ല.

- **വഫാത്തിനു ശേഷവും ജീവിതകാലത്തെപോലെ ആദരിക്കണം.**

يَا أَمِيرَ الْمُؤْمِنِينَ ، لَا تَرْفَعْ صَوْتَكَ فِي هَذَا الْمَسْجِدِ ، فَإِنَّ اللَّهَ – تَعَالَى – أَدَّبَ قَوْمًا فَقَالَ : لَا تَرْفَعُوا أَصْوَاتَكُمْ فَوْقَ صَوْتِ النَّبِيِّ... وَمَدَحَ قَوْمًا فَقَالَ : إِنَّ الَّذِينَ يَغُضُّونَ أَصْوَاتَهُمْ عِنْدَ رَسُولِ اللَّهِ.... وَذَمَّ قَوْمًا فَقَالَ : إِنَّ الَّذِينَ يُنَادُونَكَ مِنْ وَرَاءِ الْحُجُرَاتِ .... وَإِنَّ حُرْمَتَهُ مَيِّتًا كَحُرْمَتِهِ حَيًّا (الشفا قاضي عياض)

(إقتضاء: إبن تيمية)

ചരിത്രം: ഖലീഫ അബൂമൻസൂർ മദീന പള്ളിയിൽ ശബ്ദമുയർത്തി സംസാരിച്ചു. ഇമാം മാലിക്ക് (റ) അദ്ദേഹത്തെ ഇങ്ങനെ ശകാരിച്ചു.

➢ തങ്ങളെ ആദരിക്കുന്നതിന്റെ ഭാഗമായി തങ്ങളുമായി ബന്ധപ്പെട്ട് എല്ലാത്തിനേയും ആദരിക്കണം.

കുടുംബം/വ്യക്തികൾ/വസ്തുക്കൾ/സ്ഥലങ്ങൾ/ആദർശം/ആശയം/വേഷം/സുന്നത്തുകൾ... എല്ലാത്തിനെയും ആദരിക്കുക. സ്വഹാബാക്കൾ തങ്ങളുമായി ബന്ധപ്പെട്ട എന്തിനേയും അങ്ങേയറ്റം ആദരിക്കമായിരുന്നു.

ചരിത്രം: നബി(സ്വ)ക്ക് യാത്രക്കായി വാഹനം ഒരുക്കുന്ന സ്വഹാബിയായിരുന്നു അസ്ലഹ് (റ). ഒരിക്കൽ തനിക്ക് വേണ്ടി വാഹനം ഒരുക്കാൻ നബി (സ്വ) അദ്ദേഹത്തോട് പറഞ്ഞു. അന്ന് ആ ജോലി അദ്ദേഹം മറ്റൊരാളെ ഏൽപ്പിച്ചു. അതിനെ കുറിച്ച് പിന്നീട് നബി(സ്വ) അന്വേഷിച്ചപ്പോൾ മറുപടി ഉപ്രകാരമായിരുന്നു. " അപ്പോൾ എനിക്ക് ജനാബത്തായിരുന്നു. ആ നിലക്ക് അങ്ങയുടെ ഒട്ടക കട്ടിൽ കെട്ടാൻ ഞാൻ വെറുത്തു.

فكرهت ان أرحل ناقة وأنا جنب(طبراني/دارقطني/ابونعيم/بيهقي/ابن حجر)

➢ നബി തങ്ങൾ ജനിച്ച ദിവസത്തെയും മാസത്തെയും ആദരിക്കലും അങ്ങിനെ തന്നെയാണ്. ജന്മ ദിനാഘോഷത്തെ സംബന്ധിച്ച് ഉലമാക്കൾ പറയുന്നു.

ومن تعظيمه عمل المولد اذا لم يكن فيه منكر (روح البيان)

(=ജന്മ ദിനാചരണം തങ്ങളെ ആദരിക്കലാണ്.) ഇബ്നു തൈമിയ്യ പറയുന്നു.

فتعظيم المولد واتخاذه موسماً قد يفعله بعض الناس ويكون له فيه أجر عظيم ؛ لحسن قصده وتعظيمه لرسول الله صلى الله عليه وسلم (اقتضاء ١٢٦/٢)

(=ജന്മദിനത്തെ ആദരിക്കലും ആഘോഷിക്കലും വലിയ പ്രതിഫലാർഹമാണ്. കാരണം അത് ചെയ്യുന്ന വർക്ക് സദുദ്ദേശവും തങ്ങളെ ആദരിക്കലുമാണ് താൽപര്യം.

ഹാഫിള് ദിമിശ്ഖി(റ) പറയുന്നു. ആമിനക്കൊരു മകൻ പിറന്നു എന്ന വിവരെ കേട്ടപ്പോൾ സുവയ്ബത്ത് എന്ന അടിമയെ മോചിപ്പിച്ച അബൂലഹബിന് തിങ്കളാഴ്ച ദിവസം നരകത്തിൽതന്നെ അൽപം ഇളവ് ലഭിക്കുന്നു. (ബുഖാരി) അപ്പോൾ ഏക ദൈവവിശ്വാസികളായ മുഅ്മിനങ്ങളുടെ അവസ്ഥയോ? ഇമാം സുയൂത്വി പറയുന്നു.

فإذا كان أبو لهب الكافر الذي نزل القرآن بذمه جوزي في النار بفرحه ليلة مولد النبي صلى اله عليه وسلم به فما حال المسلم الموحد من أمة النبي صلى الله عليه وسلم يسر بمولده ويبذل ما تصل إليه قدرته في محبته صلى الله عليه وسلم. لعمري إنما يكون جزائه من الله الكريم أن يدخله بغضله جنات النعيم ) الحاوي للفتاوي)

➢ എന്നാൽ നബിദിനാഘോഷത്തിന്റെ പേരിൽ ദീനിൽ വിലക്കപ്പെട്ട എന്തെങ്കിലും ചെയ്യുന്നത് നീതീകരിക്കാനാവില്ല. അവ ഉലമാക്കൾ തന്നെ തള്ളിപ്പറഞ്ഞിട്ടുണ്ട്. അത്തരം കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കണം.

.... ومهما كان حراما او مكروها فيمنع ( شرواني ٤٢٣/٧)

**NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ബുധനാഴ്ചകളിലും ലഭിക്കും (ഇ:അ)**